REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-05-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **തെരഞ്ഞെടുപ്പ് പൂർത്തിയായ സംസ്ഥാനങ്ങളിൽ, നിയമസഭാ രൂപീകരണത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടം ഇന്ന് പിൻവലിക്കും.**
- **കേരള മുഖ്യമന്ത്രിയെ കോൺഗ്രസ് നേതൃത്വം തീരുമാനിക്കട്ടെയെന്ന് NSS ഉം, SNDP യും.**
- **കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഈ വർഷത്തെ ഹജ്ജ് സർവീസിന് തുടക്കമായി.**
- **IPL ക്രിക്കറ്റിൽ, ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, പഞ്ചാബ് കിങ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിലും പശ്ചിമ ബംഗാളിലും ഉൾപ്പെടെ തെരഞ്ഞെടുപ്പ് പൂർത്തിയായ സംസ്ഥാനങ്ങളിൽ നിയമസഭാ രൂപീകരണത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ സംസ്ഥാനങ്ങളിൽ ഗവൺമെന്റ് രൂപീകരണത്തിന് മുന്നണികളുടെ തിരക്കിട്ട ശ്രമങ്ങൾ തുടരുകയാണ്. കേരളത്തിൽ V.D സതീശൻ, രമേശ് ചെന്നിത്തല, K.C വേണുഗോപാൽ എന്നിവരുടെ പേരുകളാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർന്നു കേൾക്കുന്നത്. സാമൂഹിക മാധ്യമങ്ങളിലടക്കം പ്രവർത്തകർ മൂന്നു പേരുടെയും പേരുകൾ ഉയർത്തി അഭിപ്രായ രൂപീകരണം നടത്തുകയാണ്.

അതേസമയം മുഖ്യമന്ത്രി ആരായിരിക്കണമെന്ന് അഭിപ്രായഭിന്നതയ്ക്ക് ഇടയില്ലാത്തവിധം ഹൈക്കമാൻഡ് തീരുമാനിക്കണമെന്ന് മുസ്ലീം ലീഗ് കോൺഗ്രസിനോട് ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് വിജയത്തിന്റെ ശോഭ കെടുത്തുന്ന തരത്തിൽ മുഖ്യമന്ത്രി സ്ഥാനത്തെച്ചൊല്ലി അഭിപ്രായ ഭിന്നതകൾ ഉയർത്തുന്നത് ശരിയല്ലെന്ന് മുസ്ലീംലീഗ് നേതാവ് പാണക്കാട് മുനവറലി തങ്ങൾ പറഞ്ഞു. ഇക്കാര്യത്തിൽ ലീഗിനോട് കോൺഗ്രസ് ഹൈക്കമാൻഡ് അഭിപ്രായം തേടിയാൽ നിലപാട് പറയുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന കാര്യത്തിൽ മല്ലികാർജ്ജുൻ ഖാർഗെ അടക്കം നേതാക്കൾ ഡൽഹിയിൽ തിരക്കിട്ട ചർച്ചയിലാണ്. രമേശ് ചെന്നിത്തല ഇന്ന് ഡൽഹിയിലെത്തി നേതാക്കളുമായി ചർച്ച നടത്തുമെന്നാണ് റിപ്പോർട്ട്.

AICC നിയോഗിക്കുന്ന നിരീക്ഷകർ സംസ്ഥാനത്തെ നിയുക്ത MLA മാരെ നേരിൽ കണ്ട് അവരുടെ നിലപാട് സമാഹരിക്കുമെന്ന് കോൺഗ്രസ് MP ജെബി മേത്തർ അറിയിച്ചു. മുഖ്യമന്ത്രി ആരാകണം എന്നതടക്കം കാര്യങ്ങളിൽ നിയുക്ത MLA മാരുടെ അഭിപ്രായങ്ങൾ അറിഞ്ഞ ശേഷമായിരിക്കും ഹൈക്കമാൻഡിന്റെ അന്തിമ തീരുമാനമെന്നും ജെബിമേത്തർ തിരുവനന്തപുരത്ത് പറഞ്ഞു.

തമിഴ്നാട്ടിൽ ഏറ്റവും വലിയ ഒറ്റകക്ഷിയായ വിജയ് യുടെ തമിഴക വെട്രി കഴകം മന്ത്രിസഭാ രൂപീകരണത്തിന് ഒരുങ്ങുകയാണ്. കേവലഭൂരിപക്ഷത്തിന് കോൺഗ്രസിന്റെ പിന്തുണ തേടി വിജയ് കഴിഞ്ഞ ദിവസം K C വേണുഗോപാലിന് കത്തയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉപാധികളോടെ TVK യ്ക്ക് പിന്തുണ നൽകാൻ സംസ്ഥാന കോൺഗ്രസ് നേതൃത്വം തീരുമാനിച്ചിട്ടുണ്ട്. CPI, CPIM എന്നീ കക്ഷികളോടും വിജയ് പിന്തുണ തേടി കത്തയച്ചു.

തമിഴ്നാട് നിയമസഭാ രൂപീകരണവുമായി ബന്ധപ്പെട്ട തീരുമാനത്തിന് സംസ്ഥാനത്തിന്റെ അധിക ചുമതല വഹിക്കുന്ന കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഇന്ന് ചെന്നൈയിലേക്ക് പോകും. ഉച്ചകഴിഞ്ഞ് അദ്ദേഹം ലോക്ഭവനിലെത്തും.

അസമിൽ BJP, കേന്ദ്രമന്ത്രി JP നദ്ദയെ മന്ത്രിസഭാ രൂപീകര ചർച്ചകൾ നടത്തുന്നതിന് കേന്ദ്ര നിരീക്ഷകനായി നിയോഗിച്ചിട്ടുണ്ട്.

പുതുച്ചേരിയിലും മന്ത്രിസഭാ രൂപീകരണത്തിന് തിരക്കിട്ട ഒരുക്കങ്ങൾ തുടരുകയാണ്.

✪✪✪

സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടം ഇന്ന് പിൻവലിക്കും. മാർച്ച് 15ന് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതോടെയാണ് പെരുമാറ്റ ചട്ടം നിലവിൽ വന്നത്. തെരഞ്ഞെടുപ്പ് ഫലത്തിന്റെ വിവരങ്ങൾ അടങ്ങിയ വിജ്ഞാപനം തെരഞ്ഞെടുപ്പ് കമ്മീഷൻ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിന് ഇന്നലെ കൈമാറി.

✪✪✪

പശ്ചിമബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ഉജ്ജ്വല വിജയം നേടിയ BJP, സംസ്ഥാനത്ത് പുതിയ ഗവണ്മെന്റ് രൂപീകരിക്കുന്നതിനും, സത്യപ്രതിജ്ഞാ ചടങ്ങിനും ഒരുക്കം ആരംഭിച്ചു.

രവീന്ദ്രനാഥ ടാഗോറിന്റെ ജന്മദിനമായ ഈ മാസം ഒൻപതിന്, പശ്ചിമബംഗാളിൽ പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്.

അതേസമയം മുഖ്യമന്ത്രി സ്ഥാനം രാജി വെയ്ക്കില്ലെന്ന മമതാബാനർജിയുടെ പ്രഖ്യാപനത്തെ പ്രമുഖ നേതാക്കൾ വിമർശിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ജനാധിപത്യത്തിന്റെ വിജയമാണെന്ന് NSS ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പറഞ്ഞു. ബന്ധപ്പെട്ട കക്ഷികളിലെ ആഭ്യന്തര പ്രശ്നങ്ങളും ഇടത് തോൽവിക്ക് കാരണമായെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രി സ്ഥാനത്തേക്ക് ആരുടെ പേരും പറയാൻ ആഗ്രഹമില്ലെന്നും പരിചയ സമ്പന്നരെയും കഴിവ് തെളിയിച്ചവരെയും സ്ഥാനത്തേക്ക് പരിഗണിക്കണമെന്നും അദ്ദേഹം പെരുന്നയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയെ കോൺഗ്രസ് ഹൈകമാൻഡ് തീരുമാനിക്കുമെന്ന് SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മാധ്യമങ്ങളോട് പറഞ്ഞു. VD സതീശൻ നല്ല പ്രതിപക്ഷ നേതാവായിരുന്നു എന്നും KC വേണുഗോപാൽ അതികായനാണെന്നും വെള്ളാപ്പള്ളി പറഞ്ഞു. രമേശ് ചെന്നിത്തല പ്രവർത്തന പാരമ്പര്യം നേടിയ നേതാവാണെന്നും, വിവാദം ഉണ്ടാക്കാത്ത ആളാണെന്നും വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി ആരാകണമെന്ന് കോൺഗ്രസ് ഹൈകമാൻഡ് ഉചിതമായി തീരുമാനിക്കുമെന്നും, അതെല്ലാവരും അംഗീകരിക്കുമെന്നും കോൺഗ്രസ്

നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡൽഹിയിലെത്തിയത് മഹാരാഷ്ട്ര PCC പുനഃസംഘടന ചർച്ച ചെയ്യാനാണെന്നും ചെന്നിത്തല പറഞ്ഞു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിലെ പരാജയത്തിന് പിന്നാലെ കണ്ണൂരിൽ വീണ്ടും CPIM സംസ്ഥാന കമ്മിറ്റിയംഗം P.ജയരാജന്റെ പേരിൽ ഫ്ളക്സ് ബോർഡുകൾ ഉയർന്നു. അഴീക്കോട് മണ്ഡലത്തിലാണ് ഫ്ളക്സുകൾ ഉയർന്നത്.തെരഞ്ഞെടുപ്പ് തിരിച്ചടിക്ക് പിന്നാലെ CPIM ൽ നേതൃമാറ്റം ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയിലെ കോളയാടും നേരത്തെ ഫ്ളക്സുകൾ ഉയർന്നിരുന്നു.

✪✪✪

കോൺഗ്രസ് നേതാവ് VD സതീശൻ പറവൂരിൽ ഇന്ന് വൈകിട്ട് വിജയ റാലി നടത്തും. UDF ന്റെ വിജയത്തിന് ചുക്കാൻപിടിച്ച പ്രതിപക്ഷ നേതാവിനെ പരിപാടിയിൽ അനുമോദിക്കും. നിയുക്ത MLA മാരായ TJ വിനോദ്, ദീപക് ജോയ് എന്നിവർ സതീശനുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് 2026 ഫലം പുറത്തുവന്നതോടുകൂടി കോട്ടയം ജില്ലാ പഞ്ചായത്ത് തൃക്കൊടിത്താനം ഡിവിഷനിലേക്ക് ഉപതിരഞ്ഞെടുപ്പ് നടക്കും. തൃക്കൊടിത്താനം ഡിവിഷൻ അംഗം വിനു ജോബ്, ചങ്ങനാശ്ശേരി MLA ആയതോടെയാണ് ഉപതിരഞ്ഞെടുപ്പ്.

✪✪✪

ബേപ്പൂരിലെ UDF തോൽവി പ്രത്യേകമായി പരിശോധിക്കുമെന്ന് കോഴിക്കോട് DCC പ്രസിഡന്റ് K പ്രവീൺ കുമാർ പറഞ്ഞു. ജില്ലയിൽ 12 സീറ്റും നേടിയ UDF, ബേപ്പൂരിൽ മാത്രമാണ് പരാജയപ്പെട്ടത്. ജില്ലയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ വിജയം UDF ന് ഉണ്ടായതെന്നും, CPIM നകത്തെ യഥാർത്ഥ കമ്മ്യൂണിസ്റ്റ്കാർ കോൺഗ്രസിന് വോട്ട് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തിരുവനന്തപുരം AKG സെന്ററിൽ പുരോഗമിക്കുന്നു. നിയമസഭാ തിരഞ്ഞെടുപ്പ് ഫലം വന്ന ശേഷം ചേരുന്ന ആദ്യ സംസ്ഥാന സെക്രട്ടേറിയറ്റിൽ പാർട്ടി ജനറൽ സെക്രട്ടറി MA ബേബി പങ്കെടുക്കുന്നുണ്ട്. തിരഞ്ഞെടുപ്പിൽ LDF നേറ്റ പരാജയത്തിന്റെ പ്രാഥമിക വിലയിരുത്തൽ ആണ് യോഗത്തിലെ മുഖ്യ അജണ്ട.

✪✪✪

മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ 19 ജില്ലകളെ ഉൾക്കൊള്ളുന്ന റെയിൽവേ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയതിനെ, പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം 33 ൽ നിന്ന് 37 ആയി ഉയർത്തുന്ന തീരുമാനത്തെയും നരേന്ദ്രമോദി അഭിനന്ദിച്ചു. ഈ തീരുമാനം രാജ്യത്തിന്റെ ജുഡീഷ്യൽ അടിസ്ഥാന സൗകര്യങ്ങളെ ശക്തിപ്പെടുത്തുമെന്നും ജനങ്ങൾക്ക് വേഗത്തിൽ നീതി ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഈ വർഷത്തെ ഹജ്ജ് സർവീസിന് തുടക്കമായി. 350 ഓളം തീർത്ഥാടകരുമായി ആദ്യ വിമാനം പുറപ്പെട്ടു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

................(VOICE)..................

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് പഞ്ചാബ് കിങ്സിനെ നേരിടും. രാത്രി ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC ചെന്നൈയിൻ FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ന്യൂഡൽഹിയിലാണ് മത്സരം.

✪✪✪

കേരള പ്രീമിയർ ലീഗിന്റെ സൂപ്പർ എട്ടിൽ കാലിക്കറ്റ് FC ഇന്ന് ആദ്യ പോരാട്ടത്തിന് ഇറങ്ങും. തൃശ്ശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് എട്ടിന് ഗോൾഡൻ ത്രെഡ്സ് FCയെ ആണ് കാലിക്കറ്റ് നേരിടുക.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ കർശന ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കോന്നി, ചങ്ങനാശ്ശേരി, മൂന്നാർ, തൃത്താല, പൊന്നാനി, ബേപ്പൂർ തുടങ്ങിയ ഇടങ്ങളിൽ

ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതോടെ ഓറഞ്ച് ജാഗ്രത നൽകി.

അതേസമയം, ശനിയാഴ്ച വരെ സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പും അറിയിച്ചു. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

വാണിജ്യ പാചക വാതക സിലിണ്ടറിന് വില കുത്തനെ വർധിപ്പിച്ചതിൽ പ്രതിഷേധിച്ച്, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന വ്യാപകമായി ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധിക്കുന്നു. 19 കിലോ സിലിണ്ടറിന്, ഒറ്റയടിക്ക് 993 രൂപ കൂടിയതിലാണ് പ്രതിഷേധം. നിയന്ത്രണാതീതമായ വിലക്കയറ്റം അവസാനിപ്പിക്കണം എന്നാണ് സംഘടനയുടെ ആവശ്യം.

✪✪✪

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം, നാളെയും മറ്റന്നാളും തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിൽ നടത്തും. രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേത്ത് സമ്മേളനത്തിൽ അധ്യക്ഷനാകും. രാജ്യത്തെ 33 സൈനിക് സ്കൂളുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര നോ ഡയറ്റ് ദിനം. ഭക്ഷണവുമായും, ശരീരവുമായും ആരോഗ്യകരമായ ബന്ധം പുലർത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണ ലക്ഷ്യം. "ആസ്വാദ്യകരമായ ജീവിതശൈലിയിലേക്ക് മാറാം" എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട നോ ഡയറ്റ് ദിനാചരണ പ്രമേയം.

✪✪✪

എട്ടാമത് അന്താരാഷ്ട്ര സ്വതന്ത്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കം. വൈകിട്ട് ആറരയ്ക്ക് സ്പാനിഷ് സിനിമ “ആൻ ഔട്ട് ഓഫ് ദി കാവെൻ”, ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കും. നാളെ വൈകിട്ടാണ് ഉദ്ഘാടന സമ്മേളനം.

രാജ്യാന്തര മത്സര വിഭാഗത്തിൽ ബയോസ്കോപ് പുരസ്കാരത്തിന് മലയാളത്തിൽ നിന്നും 9 ചിത്രങ്ങൾ മത്സരിക്കും. ലോക സിനിമ വിഭാഗത്തിൽ അഞ്ചും, ഇന്ത്യൻ സിനിമ വിഭാഗത്തിൽ എട്ടും മലയാള വിഭാഗത്തിൽ പതിനേഴും സിനിമകൾ മേളയിൽ പ്രദർശിപ്പിക്കും.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 1,560 രൂപ കൂടി ഒരു ലക്ഷത്തി 10,960 രൂപയായി. 13,870 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കണ്ണൂർ പാനൂരിന്  സമീപം വടക്കേ  പൊയിലൂരിൽ ബോംബ്പൊട്ടി കുട്ടിക്ക് പരിക്കേറ്റു.  കല്ലുപറമ്പത്ത്  മുഹമ്മദ് ഷഹദിലിനാണ് പരിക്കേറ്റത്. കുട്ടിയെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.  മുറ്റത്ത് കളിച്ചു കൊണ്ടിരിക്കേ കൈയിലെടുത്ത വസ്തു പെട്ടെന്ന് പൊട്ടുകയായിരുന്നു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team: അനിൽ ചന്ദ്രൻ, നിമിഷ ജി*
*DEO : ഷീബ*